**ആരോഗ്യവകുപ്പ് ഡയറക്ടറുടെകാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ജീവനക്കാര്യം - ഡോ ലക്ഷ്മി പ്രിയ എസ് , അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. നം എ6/1532/2022/ജിമെആ തൃശ്ശൂർ തീയതി. 16.02.2022

2. കാരണം കാണിക്കൽ നോട്ടീസ് നം ഇഎ4- 13410/2022/ആവഡ തീയതി. 05.04.2022

3. ഡോ ലക്ഷ്മി പ്രിയ എസ് സമർപ്പിച്ച അപേക്ഷ തീയതി 16.08.2022

4. നം ഇഎ4- 13410/2022/ആവഡ തീയതി. 23.09.2022

5. GO(P) No. 55/2020/H&FWD dated. 16/9/2020

6. ഡോ ലക്ഷ്മി പ്രിയ എസ് സമർപ്പിച്ച അപേക്ഷ തീയതി 29.09.2022

7. ഉത്തരവ് നം OA (EKM) 784/2024 കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ തീയതി. 29.07.2024

8. ഉത്തരവ് നം. DHS/17167/2024-EA4 തീയതി. 04.03.2025

**ഉത്തരവ് നം. DHS/17167/2024-EA4 തീയതി. 23-01-2026**

ഡോ ലക്ഷ്മി പ്രിയ.എസ് (Dr Lakshmi Priya S PEN 836277 ) 01.06.2018 ന് സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. തൃശ്ശൂർ ചേർപ്പ് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരുന്ന ഡോ ലക്ഷമി പ്രിയ എസ്, 17.11.2021 പൂർവാഹ്നം മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നതായി തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനായി താത്കാലിക തീരുമാനമെടുത്ത് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. പരാമർശം (3) പ്രകാരം ഡോ ലക്ഷ്മിപ്രിയ എസ് മറുപടി സമർപ്പിച്ചു. 01.11.2021 മുതൽ ഒരു വർഷത്തേയ്ക്ക് അവധി

അപേക്ഷ സമർപ്പിച്ചിരുന്നതായും അവധി അനുവദിച്ചിരുന്നില്ലെന്നും തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് തയ്യാറാണെന്നും അപേക്ഷ സമർപ്പിച്ചു. ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ പുന പ്രവേശനത്തിനായി **GO(P) No. 55/2020/H&FWD dated. 16/9/2020** പ്രകാരമുള്ള ബോണ്ട് സമർപ്പിക്കുന്നതിന് പരാമർശം (4) പ്രകാരം ടിയാൾക്ക് അറിയിപ്പ് നൽകിയിരുന്നു.

(2). പരാമർശം (5) പ്രകാരമുള്ള ബോണ്ട് ഒഴിവാക്കി തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് ഡോ ലക്ഷ്മിപ്രിയ എസ് പരാമർശം (6) പ്രകാരം അപേക്ഷ സമർപ്പിച്ചു. ടി വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഡോ ലക്ഷ്മി പ്രിയ എസ്, **OA (EKM) 784/2024** ആയി കേസ്സ് ഫയൽ ചെയ്തു. ടി കേസ്സിലെ **29.07.2024** തീയതിയിലെ പരാമർശം (7) പ്രകാരമുള്ള ഉത്തരവിൽ ഡോ ലക്ഷ്മി പ്രിയ എസ്, അനക്സർ **A9** (പരാമർശം 6) ആയി സമർപ്പിച്ച അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് ഡയറക്ടർ നിയമ പ്രകാരമുള്ള തീരുമാനമെടുക്കുന്നതിനും അനക്സർ **A9** അപേക്ഷ ഒന്നാം എതിർകക്ഷിയായ സർക്കാരിന് സമർപ്പിക്കേണ്ടതുണ്ടെങ്കിൽ രണ്ടാം എതിർ കക്ഷി ഒന്നാം എതിർ കക്ഷിയ്ക്ക് കൈമാറുന്നതിനും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ച് ഒരുമാസത്തിനുള്ളിൽ ഒന്നാം എതിർകക്ഷിയായ സർക്കാർ തീരുമാനമെടുക്കുന്നതിനും ബഹു കെ എ റ്റി ആരോഗ്യ വകുപ്പ് ഡയറക്ടർ(രണ്ടാം എതിർകക്ഷി) ക്ക് നിർദ്ദേശം നൽകിയിരുന്നു.

(3) ഡോ ലക്ഷ്മി പ്രിയ എസ് സമർപ്പിച്ച പരാമർശം (6) ലെ അപേക്ഷ വിശദമായി പരിശോധിച്ചു. **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങൾ റൂൾ **2(10)** പ്രകാരം പ്രൊബേഷൻ ഡിക്ലയർ ചെയ്യപ്പെടാത്ത ഉദ്യോഗസ്ഥൻ പ്രൊബേഷണർ ആണ്. ആരോഗ്യവകുപ്പ് ഒരു അവശ്യ സേവന വകുപ്പാണ്. തുടർച്ചയായ പ്രകൃതിക്ഷോഭങ്ങളും പകർച്ചവ്യാധികളും ആരോഗ്യ ആതുര ശുശ്രൂഷാ രംഗത്ത് വർദ്ധിച്ച തോതിലുള്ള ശ്രദ്ധയും ഇടപെടലും ആവശ്യമാക്കിയിരിക്കുന്നു. ആരോഗ്യവകുപ്പിന് കീഴിൽ നിയമിതരായിട്ടുള്ള മെഡിക്കൽ ഓഫീസർമാർ അടക്കമുള്ള ഉദ്യോഗസ്ഥരിൽ ഗണ്യമായ ഒരു വിഭാഗത്തിന്റെ അനധികൃത ഹാജരില്ലായ്മ കൂടുതൽ മികച്ച രീതിയിലുള്ള ആരോഗ്യ ആതുര ശുശ്രൂഷാ ഇടപെടലുകൾക്ക് വിഘാതം സൃഷ്ടിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്ന ജീവനക്കാർക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കുന്നതിന് അവസരം നൽകുന്നതിനായി പരാമർശം (5) ലെ വ്യവസ്ഥകൾ പാലിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അനധികൃതമായി സേവനത്തിൽ നിന്നും

വിട്ടു നിന്നതിന് ശേഷം തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് കർശന ബോണ്ട് വ്യവസ്ഥയുള്ളത് അനധികൃതമായ ഹാജരില്ലായ്മയെ തടയുമെന്ന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വാദഗതി സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. പതിനഞ്ച് (15) ദിവസത്തിൽ കൂടുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിന്നാൽ തിരികെ പ്രവേശിപ്പിക്കുന്നതിന് ബോണ്ട് സമർപ്പിക്കണമെന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥ ഇളവ് ചെയ്യുന്നതിന് സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിന് തക്കവിധം യാതൊരു വാദവും അനക്സർ A9 ൽ ഇല്ല. ആയതിനാൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന ശേഷം തിരികെ പ്രവേശിപ്പിക്കുന്നതിന് ബോണ്ട് സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കണമന്ന ഡോ ലക്ഷ്മപ്രിയ എസ് സമർപ്പിച്ച അപേക്ഷ (അനക്സർ A9) പരിഗണിക്കുന്നതിന് നിർവ്വാഹമില്ല .പ്രസ്തുത അപേക്ഷ നിരസിച്ച് പരാമർശം (8) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(4) ഡോ ലക്ഷ്മിപ്രിയ എസ്സ് പരാമർശം (4) പ്രകാരമുള്ള നിർദ്ദേശം പാലിക്കാതെ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയാണ്. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. ആയതിനാൽ 17.11.2021 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ ലക്ഷ്മി പ്രിയ.എസ് (Dr Lakshmi priya S ) അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസറുടെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(5). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ ലക്ഷ്മി പ്രിയ.എസ് (Dr Lakshmi priya S ) അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസറുടെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 23-01-2026 16:06:40

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

ഡോ ലക്ഷ്മി പ്രിയ എസ്,

**Kolam Veettil, Thekke Nada,**

**Kodungallur-680664, Thrissur**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
   തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
   തൃശൂർ
3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,
   കുടുംബാരോഗ്യ കേന്ദ്രം ചേർപ്പ്, തൃശ്ശൂർ
   (ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ

.